2350/H/14/KSHO 23/10/2018

# സർക്കുലർ

വിഷയം : സ്റ്റേറ്റ് പ്ലാൻ ഫണ്ട് അടിസ്ഥാനമാക്കിയിട്ടുള്ള അനിമൽ ഹസ്ബൻഡറി പ്രോഗ്രാമുകൾ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള പുതുക്കിയ നിർദ്ദേശം സം.

സൂചന: 1. അനിമൽ ഹസ്ബൻഡറി സർക്കുലർ നം :2350/ഒ/17/കെ എസ് എച്ച് ഒ തീയതി 27.12.2017
2. പ്ലാൻ റിവ്യൂ മീറ്റിംഗ് മിനിട്സ് തീയതി 16.10.2018
3. എം. ഇ സർക്കുലർ നം 5211/ഡി/2017 തീയതി 20.05.2017

സൂചന 1 പ്രകാരം അനിമൽ ഹസ്ബൻഡറി പ്രോഗ്രാമുകൾക്ക്, അതാത് ഗൈഡ് ലൈൻ അടിസ്ഥാനമാക്കിയുള്ള യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം ജില്ലാമിഷനുകളിൽ നിന്ന് തയ്യാറാക്കി നൽകുന്ന ഏകീകൃത പട്ടിക (കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ്) പ്രകാരം സ്റ്റേറ്റ് മിഷനിൽ നിന്ന് നൽകുന്ന നടപടിക്രമത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ ഫണ്ട് ചിലവഴിക്കൽ നടത്തുന്നത്. എന്നാൽ സൂചന 2 പ്രകാരം ആയത് അനാവശ്യമായ നടപടിക്രമമാണെന്നും ആനുവൽ ആക്ഷൻ പ്ലാൻ പ്രകാരം സ്റ്റേറ്റ് മിഷനിൽ നിന്ന് ഓരോ ജില്ലയ്ക്കും ലഭ്യമാക്കുന്ന തുകയിൽ നിന്ന് അതാത് പ്രോഗ്രാമുകൾക്ക് ഇയർ മാർക്ക് ചെയ്ത നൽകുന്ന തുക വിനിയോഗിക്കാൻ അതാത് പ്രോഗ്രാമുകളുടെ ഗൈഡ് ലൈനുകൾ പാലിച്ചാൽ മതിയാകുമെന്നും ആയതിനായി വീണ്ടുമൊരു നടപടിക്രമ ത്തിന്റെ ആവശ്യകത ഇല്ല എന്നുമുള്ള വിവിധ ഡി.എം.സി.മാരുടെ നിർദ്ദേശങ്ങളും, ബഹു.ഡയറക്ടർ, കുടുംബശ്രീ, ബന്ധപ്പെട്ട ഫയലുകളിൽ ഇതേ വസ്തുത പരാമർശിച്ച് ചേർത്തിരിക്കുന്ന വിവിധ നോട്ടുകളും പരിഗണിക്കുകയും; കൂടാതെ, സൂചന 3 പ്രകാരം നിലവിൽ എം.ഇ. പ്രോഗ്രാമുകൾക്ക് തുക വിനിയോഗിക്കുന്നത് ജില്ലാ മിഷനുകളിൽ ഡി.എം.സി.മാരെ പദ്ധതി നടത്തിപ്പ് ഉദ്യോഗസ്ഥരാക്കിക്കൊണ്ട് ജില്ലാമിഷനുകൾ വഴി നേരിട്ടാണെന്നും ആയതിനായി പ്രത്യേകമായി നടപടി ക്രമം സ്റ്റേറ്റ് മിഷനിൽ നിന്ന് പുറപ്പെടുവിക്കാറില്ല എന്നതും ചർച്ചയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രകാരം തീരുമാനമെടുത്തിരിക്കുന്നു.

നിലവിൽ അനിമൽ ഹസ്ബൻഡറി പ്രോഗ്രാമിൽ ആനുവൽ ആക്ഷൻ പ്ലാൻ പ്രകാരം സ്റ്റേറ്റ് പ്ലാൻ ഫണ്ട് വിനിയോഗിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് അതാത് പദ്ധതി ഗൈഡ്ലൈൻ അനുസരിച്ചുകൊണ്ടും ഫണ്ട് വിനിയോഗത്തിനുള്ള പൊതു മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും അതാത് ഡി.എം.സി.മാർക്ക് ജില്ലാ തലത്തിൽ ഫണ്ട് വിനിയോഗിക്കാവുന്നതാണെന്നും ആയതിനായി പ്രത്യേക നടപടിക്രമം സ്റ്റേറ്റ് മിഷനിൽ നിന്ന് പുറപ്പെടുവിക്കുന്നതല്ല എന്നും വ്യക്തമാക്കിക്കൊണ്ട് സർക്കുലർ പുറപ്പെടുവിക്കുന്നു. ഫണ്ട് വിനിയോഗം പൂർത്തിയാകുന്ന മുറയ്ക്ക് ഫണ്ട് വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ സഹിതം യു.സി. സ്റ്റേറ്റ് മിഷനിലേക്ക് അയക്കുകയും ചെയ്യേണ്ടതാണ്.

**(ഒപ്പ്)**

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

കോപ്പി

അനിമൽ ഹസ്ബൻഡറിയുടെ ബന്ധപ്പെട്ട എല്ലാ ഫയലുകളിലും

എല്ലാ ജില്ലാ മിഷനുകൾക്കും

ഓഫീസ് പൊതു ഫയൽ

**ഉത്തരവിൻ പ്രകാരം,**

23.10.15

**പ്രോഗ്രാം ഓഫീസർ (അനിമൽ ഹസ്ബൻഡറി)**